കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ 20 അക്കേഷ്യമരങ്ങൾ ലേലം ചെയ്യുന്നത് - ലേലത്തുക കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).687/15/തസ്വഭവ                    തിരുവനന്തപുരം, തീയതി, 10.03.2015

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 31.10.2014 ലെ 19912/ജെആർവൈ.2/2011/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ അപകടകരമായി ആഫീസ് കോമ്പൗണ്ടിലെ വൃക്ഷങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന 20 അക്കേഷ്യമരങ്ങൾ മുറിച്ചു മാറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും ആയത് 1,18,953/- രൂപയ്ക്ക് ലേലം ചെയ്യുന്നതിന് ഗ്രാമവികസന കമ്മീഷണർ അനുമതി നൽകുകയും ചെയ്തിരുന്നു. 4 പ്രാവശ്യം ലേലം നടത്തിയിട്ടും വാല്യുവേഷൻ വിലയായ 1,18,953/- രൂപയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറായിട്ടില്ലാത്തതിനാലും വാല്യുവേഷൻ തുകയുടെ 55% കുറവ് ചെയ്ത് 65,066/- രൂപക്കാണ് ഏറ്റവും ഉയർന്ന ലേലം വിളിച്ചിട്ടുള്ളത് എന്നതിനാലും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലെ ടി മരങ്ങളുടെ ലേല തുക 65,066/- രൂപയായി കുറച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാരും ഇക്കാര്യം വിശദമായി പരിശോധിച്ചു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ അപകടകരമായി വളരുന്ന 20 അക്കേഷ്യമരങ്ങളുടെ മുൻനിശ്ചയിച്ച വാല്യുവേഷൻ വിലയിൽ 55% കുറവ് ചെയ്ത് ലേലതുക 65,066/- രൂപയായി കുറച്ചു നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ